പതിനാലാം കേരള നിയമസഭ

പതിനാലാം സമ്മേളനം

| നക്ഷത്ര ചിഹ്നമിടാത്തചോദ്യം നം. 227 | 28/01/2019 ൽ മറുപടി നല്കേണ്ടത്. |
|---|---|

## കുഷ്ഠരോഗ വ്യാപനം തടയാൻ നടപടി

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.ആർ. രാജേഷ്**<br>**,, കെ. ബാബു**<br>**,, ഒ. ആർ. കേളു**<br>**ശ്രീമതി.വീണാ ജോർജ്ജ്** | | **ശ്രീമതി .കെ.കെ. ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യ നീതിയും വനിത - ശിശുവികസനവും വകുപ്പ് മന്ത്രി) |
| എ) | സംസ്ഥാനത്ത് കുഷ്ഠരോഗ ബാധിതരായ മുഴുവൻ ആളുകളെയും കണ്ടെത്തി ചികിത്സിക്കുന്നതിനായി നടപടി സ്വീകരിച്ചിട്ടുണ്ടോ; | എ) | ഉണ്ട്. |
| ബി) | കുഷ്ഠരോഗ വ്യാപനത്തിലും കുഷ്ഠരോഗ ബാധ മൂലം അംഗവൈകല്യം സംഭവിച്ചവരുടെ എണ്ണത്തിലും ഏതെല്ലാം ജില്ലകളാണ് മുൻപന്തിയിൽ നിൽക്കുന്നതെന്ന് അറിയിക്കാമോ; | ബി) | തിരുവനന്തപുരം, എറണാകുളം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം കോഴിക്കോട്, കണ്ണൂർ, കാസറഗോഡ് എന്നീ ജില്ലകളാണ് മുൻപന്തിയിൽ നിൽക്കുന്നത്. |
| സി) | പ്രാഥമിക രോഗലക്ഷണങ്ങൾ ശ്രദ്ധിക്കാത്തതുകൊണ്ട് രോഗം ഗുരുതരമാകുന്ന സാഹചര്യം ഒഴിവാക്കുന്നതിനായി കുഷ്ഠരോഗം സംബന്ധിച്ച് പൊതുജനങ്ങൾക്ക് ബോധവത്ക്കരണം നൽകുന്നതിനും ചികിത്സ ആവശ്യമുള്ളവരെ കാലതാമസം കൂടാതെ ആശുപത്രികളിലെത്തിക്കുകയും ചെയ്യുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | സി) & ഡി | രോഗം ഗുരുതരമാകുന്ന സാഹചര്യം എങ്ങനെ ഒഴിവാക്കാം എന്നത് സംബന്ധിച്ച് പൊതുജനങ്ങൾക്ക് അവബോധം സൃഷ്ടിക്കുന്നതിനായി വിവിധ പ്രവർത്തനങ്ങൾ നടത്തിവരുന്നു. രാഷ്ട്രീയ, സാമൂഹിക, സാംസ്കാരിക തലങ്ങളിൽ പ്രശസ്തരായ വ്യക്തികളുടെ കുഷ്ഠരോഗത്തെപ്പറ്റിയുള്ള സന്ദേശങ്ങൾ വിവിധ ദൃശ്യമാധ്യമങ്ങളിലൂടെ വ്യാപകമായി പ്രചരിപ്പിക്കുന്നുണ്ട്. ഇവ കൂടാതെ 'അശ്വമേധം' പരിപാടിയോടനുബന്ധിച്ച് കേരള ജനതയെ ആകർഷിക്കുന്ന വിവിധ കലാകായിക വിനോദങ്ങളിലൂടെയും വിദ്യാലയങ്ങളിൽ കുട്ടികൾ മുൻകൈ |

| | | | |
|---|---|---|---|
| ഡി) | കുഷ്ഠരോഗ വ്യാപനം കൂടുതലായിട്ടുള്ള ജില്ലകളിൽ രോഗ നിർണ്ണയത്തിനായി പ്രത്യേക മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിക്കാൻ നടപടി സ്വീകരിക്കുമോ? | | യെടുത്ത് നടത്തിയ സ്കിറ്റ്, ചിത്രരചന, ഗാനാലാപനം, ചുവർചിത്രരചന, തെരുവു നാടകം, മാജിക് ഷോ എന്നിവയിലൂടെയും രോഗലക്ഷണങ്ങളെ പറ്റിയും ആരംഭ ത്തിലെ ചികിത്സയുടെ പ്രാധാന്യത്തെപ്പററിയുമുള്ള അറിവ് ജനങ്ങളിലേയ്ക്ക് എത്തിക്കുവാൻ സാധിച്ചിട്ടുണ്ട്. ഇതിനൊക്കെ പുറമേ, കുഷ്ഠരോഗ ലക്ഷണങ്ങളെയും ചികിത്സയെയും പറ്റി വിവരിക്കുന്ന ലഘുലേഖകൾ, കൈപ്പുസ്തകങ്ങൾ, ബിറ്റ് നോട്ടീസുകൾ, പോസ്റ്ററുകൾ എന്നിവ വിതരണം ചെയ്യുന്നുണ്ട്. കൂടാതെ, കുഷ്ഠരോഗം സ്ഥിരീകരിച്ച വ്യക്തിയെ കാലതാമസം കൂടാതെ ചികിത്സയ്ക്ക് വിധേയമാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ